(ബി) ഒരു മത്സരത്തിൽ വിജയിയാകുന്ന ആളിന്റെ വിജയത്തിൽ സംശയം തോന്നുന്നവർ ആവശ്യപ്പെടുന്നപക്ഷം അവരെ ജഡ്ജ്മെന്റ് ഷീറ്റ് കാണിക്കുവാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഓരോ മത്സരത്തിന്റെയും ജഡ്ജ്മെന്റ് സുതാര്യമാക്കുന്നതിനായി വിജയികളെ പ്രഖ്യാപിച്ചശേഷം ജഡ്ജ്മെന്റ് ഷീറ്റ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ബി) ഇല്ല. വിധിനിർണയത്തിൽ സംശയം തോന്നുന്ന വ്യക്തിക്ക് അപ്പീൽ സൗകര്യം നിലവിലുണ്ട്. ജഡ്ജ്മെന്റ് ഷീറ്റ് പരാതിക്കാരെ കാണിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

(സി) ഈ കാര്യം പരിശോധിക്കുന്നതാണ്.

വൈദ്യുതി ചാർജ് കുറച്ചതുവഴി ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാകുന്ന നഷ്ടം

10 [*49] ശ്രീ. ടി. എം. ജേക്കബ്:

.. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-നു ശേഷം സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ചാർജ് കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ചാർജ് കുറച്ചതുവഴി ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാകുന്ന നഷ്ടം എങ്ങനെയാണ് നികത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രതിവർഷം ഇതിനായി എന്തു തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കുറച്ചിട്ടുണ്ട്. 1-1-2006 മുതൽ LT I(a) ഗാർഹിക ഉപഭോക്താക്കൾക്കും LT VII (A) & (B) വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്കും എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 20 പൈസ കുറവുവരുത്തിയിട്ടുണ്ട്.

(സി) വൈദ്യുതി ചാർജ് കുറച്ചതുവഴി ബോർഡിനുണ്ടാകുന്ന നഷ്ടം ഗവൺമെന്റ് സബ്സിഡി വഴിയാണ് നികത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പ്രതിവർഷം ഇതിനായി ഏകദേശം 120 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly